
# ബൈബിൾ ദൂതൻ



# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth two hundred rupees for rupees twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge, Your M. O. should be addressed to.

Editor
**THE BIBLE TEACHER**
C-22 N. D. S. E. 2
New Delhi-110049

# THE BIBLE TRUTH

**Editors**

**P. K. VARGHESE** **J. C. CHOATE**

*ooo* *ooo* *ooo*

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 8** **July 1994** **No. 4**


ദരിദ്രരെ ഓർത്തുകൊൾക എന്ന തിരുവെഴുത്തു പ്രാബല്യത്തിൽ കൊണ്ടുവരുക അത്ര എളുപ്പമല്ല. എങ്കിലും യാതൊരു ആവശ്യവും ഉന്നയിക്കാതെ ഒരു യുവാവ് ഒരു യുവതിയെ വിവാഹം കഴിക്കയുണ്ടായി. കഴിയുന്നത്ര ചെലവു ചുരുക്കി നടത്തിയ ആ വിവാഹം വളരെ മംഗളകരമായിരുന്നു. സാമ്പത്തികമായി താഴ്ന്ന നിലവാരമുള്ള ഒരു കുടുംബത്തിന്റെ ഭാരം ചുമക്കുവാൻ കഴിവുള്ള ഒരു കുടുംബം ഉണ്ടാവുകയാണ് ചെയ്തതു. സമത്വം, സമൂഹവിവാഹത്തിലൂടെ നടത്തപ്പെടുന്ന മററു വിവാഹങ്ങളിൽ നിന്നും എത്രയോ വ്യത്യാസം ഇതിനുണ്ട്. കാരണം തുല്യ ആത്മീയ നിലവാരം പുലർത്തുന്ന രണ്ടു വ്യക്തികളാണ് ഇവിടെ വിവാഹബന്ധത്തിൽ യോജിക്കുന്നതു. ഏതൊരു വിവാഹത്തിന്റേയും വിജയം പിന്നീടുള്ള അവരുടെ ജീവിതശ്രേഷ്ഠതയാണ്. സന്തോഷവും സമാധാനവുമാണ് കുടുംബജീവിതത്തിന്റെ ഉയർച്ചക്കു നിദാനം. പ്രശ്നങ്ങൾ പരിഹരിക്കുവാനും വിട്ടുവീഴ്ച്ചക്കു തയ്യാറാവാനും കഴിയുന്ന ദമ്പതികൾക്കു ഐശ്വര്യമായി ജീവിക്കാൻ കഴിയും. ഈ തത്വം മനസിലാക്കി നമ്മുടെ യുവതീയുവാക്കൾ മാതൃകയുള്ള കുടുംബം കെട്ടിപ്പടുക്കാൻ മുന്നോട്ടു വരണം. സമത്വം പ്രസംഗത്തിൽ മാത്രം പോരാ ജീവിതത്തിൽ അതു പ്രകടമാക്കണം. ആത്മീയ മൂല്യശോഷണം അനുവദിക്കാതിരിക്കുക. നിങ്ങളുടെ വിവാഹം കൊണ്ട് ആരെയും വേദനിപ്പിക്കാതിരിക്കുക.

# ക്രിസ്തുവിൻെറ ഉപദേശം നിങ്ങൾക്കു സുപ്രധാനമോ

J. C. ചോട്ട്

തിരഞ്ഞെടുക്കാവുന്ന ഒരുവസ്തുതയോ അഭിപ്രായമോ ആണ് ഉപദേശം എന്നാണ് അധികം ആളുകളും വിശ്വസിച്ചിരിക്കുന്നതു. ഉദ്ധരിക്കാവുന്നതും വാദിക്കാവുന്നതുമായ ഒന്നാണ് അതു എന്ന വീക്ഷണക്കാരും ധാരാളം ഉണ്ട്. ക്രിസ്തുവിൻെറ പ്രബോധനമാണ് ഉപദേശമെന്നതു; ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് അതിനു വലിയ പ്രാധാന്യമുണ്ട്. ''എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിൻെറ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതു ആകുന്നു (2 തിമൊഥെയോസ് 3:16, 17). ക്രിസ്തുവിൻെറ ഉപദേശത്തെ നിങ്ങൾ പ്രാധാന്യമുള്ളതായി കാണുന്നുണ്ടോ ?

1. ക്രിസ്തുവിൻെറ ഉപദേശം, ദൈവത്തിൻെറതാണ് അതുകൊണ്ട് അവന്നു അതു സുപ്രധാനമുള്ളതാണ്. പുനരുത്ഥാനമില്ല എന്നു വിശ്വസിച്ചിരുന്ന സദൂക്യരുടെ വാദഗതികളെ വേരോടെ പിഴുതുകളയുന്ന യേശുക്രിസ്തുവിൻെറ ഉപദേശം കേട്ടിട്ടു പുരുഷാരം വിസ്മയിച്ചു (മത്തായി 22:33). ശബ്ബത്തിൽ പള്ളിയിൽ ചെന്നു ഉപദേശിച്ച യേശുക്രിസ്തുവിനെ ആളുകൾ വില മതിച്ചു. അവൻെറ ഉപദേശം ശാസ്ത്രിമാരെ പോലെ അല്ല; അധികാരമുള്ളവനെ പോലെ ആയിരുന്നു. അതുകൊണ്ട് അവൻെറ ഉപദേശത്തിൽ ആളുകൾ അതിശയിച്ചു (മർക്കൊസ് 1:21-22). മതപരമായ കാര്യങ്ങളിൽ എല്ലാം തന്നെ നമുക്കു ക്രിസ്തുവിൻെറ ഉപദേശമാണ് ആവശ്യം. സ്വർഗ്ഗത്തിലും

ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു എന്നാണ് കർത്താവു അരുളിച്ചെയ്തതു (മത്താ. 28:18). അതുകൊണ്ടുകൂടെ യേശുക്രിസ്തുവിൻെറ ഉപദേശത്തിനു പ്രസക്തി ഏറുന്നു.

2. അപ്പൊസ്തലൻമാർക്കും ആദ്യ ക്രിസ്ത്യാനികൾക്കും ക്രിസ്തുവിൻെറ ഉപദേശം പ്രാധാന്യമുള്ളതായിരുന്നു. പെന്തെകൊസ്തു നാളിൽ 3,000 പേർ വചനം കേട്ടു സ്നാനം ഏററു. അവർ അപ്പൊസ്തലൻമാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും പ്രാർത്ഥന കഴിച്ചും പോന്നു. ദൈവശ്വാസീയരായ ആളുകളുടെ ഉപദേശം അവർക്കു കാര്യമായി തോന്നി. അവരുടെ നിർദ്ദേശങ്ങൾ അവർ ഗൗരവമായി എടുത്തു.

3. പുതിയ നിയമ ക്രിസ്ത്യാനിയായിരിക്കുന്ന ഓരോ വ്യക്തിക്കും ക്രിസ്തുവിൻെറ ഉപദേശം പ്രാധാന്യമുള്ളതാണ്. ഒരിക്കൽ പാപത്തിനു ദാസൻമാർ ആയിരുന്നവർ അപ്പൊസ്തലൻമാരുടെ ഉപദേശരൂപം ഹൃദയപൂർവ്വം അനുസരിച്ചതുകൊണ്ട് അവർ പാപത്തിൽ നിന്നു സ്വതന്ത്രരായി, പുതിയ നിയമ ക്രിസ്ത്യാനികളായി തീർന്നു (റോമർ 6:17, 18). സത്യസന്ധതയുള്ള ഒരു ക്രിസ്ത്യാനി ഈ ഉപദേശത്തെ മാനിക്കും. തന്നെയുമല്ല തൻെറ ഉപദേശം വചനാനുസരണമോ അല്ലയോ എന്നു പരിശോധിക്കും. അങ്ങനെ ചെയ്താൽ മാത്രമെ തന്നെയും തൻെറ ഉപദേശം കേൾക്കുന്നവരേയും രക്ഷിക്കാൻ കഴിയൂ (1 തിമൊഥെയോസ് 4:13-16). ഒരാൾ ക്രിസ്തുവിൻെറ ഉപദേശത്തിൽ നിന്നും അതിർ കടന്നുപോയാൽ അയാൾക്കു ദൈവമില്ലാത്ത അവസ്ഥയാണുള്ളതു (2 യോഹ. 9:10). അതുകൊണ്ട് ക്രിസ്തുവിൻെറ ഉപദേശത്തിന്നുള്ള പ്രാധാന്യം വ്യക്തമായല്ലോ.

4. നിർഭാഗ്യവശാൽ അസംഖ്യം ആളുകൾ ക്രിസ്തുവിന്റെ ഉപദേശത്തിൽ അത്ര പ്രാധാന്യം കൊടുക്കുന്നതായി കാണുന്നില്ല. "അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറു സ്വന്ത മോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിനു ചെവി കൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരികയും ചെയ്യുന്ന കാലം വരും. വിവിധവും അന്യവുമായ ഉപദേശങ്ങളാണ് അധികം പേരും സ്വീകരിച്ചിരിക്കുന്നതു. മനുഷ്യരുടെ ഉപദേശങ്ങളും കൽപനകളും അവർ പഠിപ്പിക്കുന്നതുകൊണ്ട് അവരുടെ ആരാധന വ്യർത്ഥമാണ്. (മത്താ. 15:9).

ക്രിസ്തുവിന്റെ ഉപദേശത്തിനു പ്രാധാന്യം കൊടുക്കുന്നവരാണെങ്കിൽ നാം ഇനി മനുഷ്യരുടെ ചതിയാലും ഉപായത്താലും തെററിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങി പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാററിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും (എഫെസ്യർ 4:14). നമുക്കു മനുഷ്യരുടെ ഉപദേശങ്ങളെയല്ല; കർത്താവിന്റെ ഉപദേശത്തെ തന്നെ നാം സ്നേഹിക്കണം.

★

# ക്രിസ്ത്യാനി ആർ?

ഞങ്ങൾ ക്രിസ്ത്യാനികൾ ആണെന്നു ഈ ലോകത്തിൽ ധാരാളം ആളുകൾ അവകാശപ്പെടുന്നുണ്ട്. ക്രിസ്ത്യാനി എന്ന വാക്കിനു അസംഖ്യം നിർവ്വചനങ്ങളും പരന്നിട്ടുണ്ട്. ആ പേരിന്റെ അർത്ഥമെന്തെന്നും ആ വ്യക്തി ആർ എന്നും കണ്ടുപിടിക്കണമെങ്കിൽ കുറച്ചു സമയം നാം എടുത്തു നോക്കേണ്ടതുണ്ട്. ആ പഠനത്തിൽ നിന്നു കിട്ടുന്ന ഉത്തരം ആശ്ചര്യജനകമായി തോന്നാം.

ഒരാൾ ആ അവകാശം ഉന്നയിച്ചതുകൊണ്ടു മാത്രം ക്രിസ്ത്യാനിയായിത്തീരുന്നില്ല. അയാൾ ദൈവത്തിൽ വിശ്വസിക്കുന്നവനാകാം, ദൈവപുത്രനായ ക്രിസ്തുവിൽ വിശ്വസിക്കുന്നുണ്ടാകാം. പക്ഷെ അതു അയാളെ ക്രിസ്ത്യാനിയാക്കി മാററുന്നില്ല. അയാൾ സ്നാനപ്പെട്ടിരിക്കാം. ഏതെങ്കിലും സഭയിലേക്കു ചേർന്നിരിക്കാം. എന്നാൽ അതും അയാളെ ക്രിസ്ത്യാനിയായിമാററുന്നില്ല. മതഭക്തിയുള്ള ആളാകാം, ഔദാര്യമായി കൊടുക്കുന്നവനാകാം, സൽപ്രവൃത്തികൾ ചെയ്യുന്നവനാകാം, ഉപദേഷ്ടാവു പോലും ആയിരിക്കാം. എന്നാൽ ഇവയൊന്നും അവനെ ക്രിസ്ത്യാനിയാക്കുന്നു എന്നു അർത്ഥമാക്കുന്നില്ല; അവൻ കർത്താവിന്നുള്ളവൻ എന്നും വരുന്നില്ല. അയാൾ പലപ്പോഴും പ്രാർത്ഥിക്കുന്നുണ്ടാകാം, എല്ലാ ഞായറാഴ്ചയും ആരാധനക്കു പോകുന്നുണ്ടാകാം; ജഡത്തിന്റെ പ്രവൃത്തികളിൽ നിന്നു വിട്ടകന്നു നല്ല സംസാരം, നല്ല ചിന്ത, നല്ല പേർ എന്നിവയെല്ലാം ഉള്ള ആളാകാം. എന്നാൽ ഇതൊന്നും അവനെ യഥാർത്ഥത്തിൽ ദൈവപൈതലാക്കി തീർക്കണമെന്നില്ല.

വാസ്തവം എന്തെന്നു തിരിച്ചറിയൽ ഇവിടെ ആവശ്യം. അന്ധമായി എന്തെങ്കിലും ശരി എന്നു വിചാരിച്ചാൽ അങ്ങനെ ആകണമെന്നില്ല. മതപരമായ കാര്യങ്ങളിൽ മിക്കവാറും പേർ മദ്ധ്യഘട്ടത്തിൽ നിൽക്കുവാൻ ആഗ്രഹിക്കുന്നു. ന്യായീകരിക്കുവാൻ മനുഷ്യർക്ക് ഉള്ള വാസന പുരാതനകാലം മുതൽ കണ്ടു വരുന്നതാണ്. അതുകൊണ്ട് തെററ് ശരിയായി ഒരിക്കലും മാറുകയില്ല. ദൈവത്തോടു പ്രതിവാദം നടത്തുവാൻ ശ്രമിക്കുന്നതു വിഡ്ഢിത്തം ആയിരിക്കും എന്നതിനു സംശയം ആർക്കും കാണുകയില്ലല്ലൊ.

മുകളിൽ പ്രസ്താവിച്ച വിവരണം കേട്ടിട്ടു ഇപ്പോൾ നിങ്ങൾക്കു വിസ്മയം തോന്നിക്കാണും. നിങ്ങൾ അറിയുന്നവരേയും, ഒരു പക്ഷെ നിങ്ങളെത്തന്നെയും ശിക്ഷെക്കു

വിധിക്കയോ കുററം വിധിക്കയോ ആണ് ഞാൻ ചെയ്യുന്ന തെന്നു പോലും നിങ്ങൾ തീർച്ചപ്പെടുത്തി കാണാം. മുകളിൽ പറഞ്ഞ നൻമവശങ്ങൾ എല്ലാം ഉളള ഒരു വ്യക്തി യെ ലോകം കാണുന്നതു മാന്യനായ ഒരു ക്രിസ്ത്യാനിയാ യിട്ടായിരിക്കും. പക്ഷെ നിങ്ങളുടെ വീക്ഷണം ഉയർന്ന സ്ഥാനത്തു നിന്നുണ്ടായതു നിമിത്തമാണ് അങ്ങനെ സംഭ വിക്കുന്നതു. അധികം പേരും ഈ വിധത്തിലുളള കാഴ്ച്ച പ്പാട് ഉളളവരാണ്. മുകളിൽ പറഞ്ഞ കാര്യങ്ങളെല്ലാം ഒരാൾ ചെയ്യുന്നു എന്നു വിചാരിക്കുക. പക്ഷെ അതെല്ലാം തെററായ ഉപദേശങ്ങളുടെയും അനുമാനങ്ങളുടെയും അടി സ്ഥാനത്തിൽ ആണെങ്കിൽ അയാൾ വഞ്ചിക്കപ്പെട്ടിരിക്ക യാണ് എന്നു തീർത്തു പറയാം. അവർ ചെയ്യുന്ന പ്രവർ ത്തികൾക്കൊന്നും അവനെ ഒരു ക്രിസ്ത്യാനിയാക്കാൻ ഉതകുന്നതല്ല.

നാം വഞ്ചിക്കപ്പെടരുതു എന്നു തിരുവെഴുത്തു നമ്മെ മുന്നറിയിച്ചിരിക്കയാണ്. അപ്പൊസ്തലനായ പൌലൊ സിൻെറ വിവരണം ദയവായി വായിക്കുക. "ഇങ്ങനെയു ളളവർ കളളയപ്പോസ്തലൻമാർ, കപടവേലക്കാർ, ക്രിസ് തുവിൻെറ അപ്പൊസ്തലൻമാരുടെ വേഷം ധരിക്കുന്നവർ അത്രെ, അതു ആശ്ചര്യവുമല്ല; സാത്താൻ താനും വെളിച്ച ദൂതൻെറ വേഷം ധരിക്കുന്നുവല്ലൊ. ആകയാൽ അവൻെറ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരി ച്ചാൽ അതിശയമല്ല; അവരുടെ അവസാനം അവരുടെ പ്രവർത്തികൾക്കു ഒത്തതായിരിക്കും. (2 കൊരിന്ത്യർ 11: 13-15). സത്യാവസ്ഥയെ മറച്ചുപിടിച്ചു അസത്യത്തെ പ്രചരിപ്പിക്കുന്ന വ്യവസ്ഥ പിശാചിൻേറതാണ്, സ്വാഭാവിക കണ്ണുകൾക്കു കാണാൻ പററാത്ത വിധം സാത്താൻ അവരുടെ കാഴ്ചപ്പാട് കുരുടാക്കി മാററിയിരി ക്കുന്നു.

ആകയാൽ നാം വീണ്ടും ആ ചോദ്യത്തിലേക്കു തന്നെ വന്നു നിൽക്കുകയാണ്. ആരാണ് ക്രിസ്ത്യാനി ? ഇതു പോലുള്ള ഏതു ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കുവാൻ നാം തിരുവെഴുത്തിലേക്കു നോക്കണം. ദൈവമാണ് അന്തിമതീർപ്പ് കൽപിക്കുന്നതു. അതുകൊണ്ടാണ് ദൈവത്തിൻെറ അരുളപ്പാടുകൾ മാത്രമാണ് നമുക്കു കരണീയമായിട്ടുള്ളതു എന്നു പറയാൻ കാരണം. മററവിടെ നോക്കിയാലും അതു സമയ നഷ്ടവും കിട്ടുന്ന ഉത്തരം തെററും ആയിരിക്കും. ദൈവവചനപ്രകാരം, ദൈവേഷ്ടം അറിയുന്ന ആൾ, ദൈവത്തിലും അവൻെറ പുത്രനായ ക്രിസ്തുവിലും വിശ്വസിക്കുന്ന ആൾ (റോമർ10:17; എബ്രായർ11:6; യോഹന്നാൻ 14:1, 2); അയാളുടെ പാപത്തിൽ നിന്നു ദൈവത്തിങ്കലേക്കു തിരിഞ്ഞു ക്രിസ്തു ദൈവപുത്രനാണെന്നു ഏററു പറയുന്നവനായിരിക്കണം (പ്രവൃത്തി 17:30; ലൂക്കൊസ് 13:3; മത്തായി 10:32, 33). പാപമോചനത്തിനായിട്ടുള്ള കർത്താവിൻെറ കൽപന അനുസരിക്കയും വേണം (പ്രവൃത്തി 2:38).

സ്നാനം വെള്ളത്തിലുള്ള അടക്കമാണ് (കൊലൊ. 2;11-12). കർത്താവിൻെറ പേരിനാൽ അറിയപ്പെടുന്ന രക്ഷിക്കപ്പെട്ട ക്രിസ്തുവിൻെറ സഭയിലേക്കു ചേർക്കപ്പെട്ട ഒരാളായിരിക്കും അദ്ദേഹം (മത്തായി 16:18; പ്രവൃ. 4:12; റോമർ 16:6). ഓരോ ആഴ്ചവട്ടത്തിൻെറ ഒന്നാം നാളിലും ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കുന്നവനായിരിക്കണം ഒരു ക്രിസ്ത്യാനി (യോഹന്നാൻ 4:24; പ്രവൃത്തി 20:7). അവൻ ലോകപ്രകാരമുള്ള വസ്തുക്കളിൽ നിന്നു വിട്ടകന്നു ദൈവഭക്തിയിലും വിശുദ്ധിയിലും ജീവിച്ച് മററുള്ളവർക്കു ഗുണം ചെയ്തു കർത്താവിന്നു വിശ്വസ്ഥമായി ജീവിക്കുന്നു (1 യോഹ. 2:15-17; തിത്തൊസ് 2:11-12; വെളി. 2:10). ഇതെല്ലാം പറയുമ്പോൾ തീർച്ചയായും പുറമെയുള്ള വഴികളാണ് നമുക്കു അടയാളമായിരിക്കുന്നതു. എന്നാൽ കർത്താവിനു

ഈ വഴികൾ നന്നായി അറിയാം. അവനാണ് അന്തിമമായി തീർപ്പു കൽപിക്കുന്നവൻ. എന്നാൽ ഒരാൾ ഈ രീതിയിൽ കർത്താവിനെ അനുസരിച്ച് സമർപ്പണജീവിതം നയിക്കുമ്പോൾ അയാൾ വാസ്തവത്തിലുള്ള ക്രിസ്ത്യാനിയാണ്, ക്രിസ്തുവിനെ അനുഗമിക്കുന്നവനാണ് എന്നു ആ പ്രവൃത്തികളിലൂടെ തെളിയിക്കുകയാണ് ചെയ്യുന്നതു.

നിങ്ങളോ? മുകളിൽ പറഞ്ഞ കാര്യങ്ങൾ നിങ്ങൾ എങ്ങനെ സ്വീകരിക്കുന്നു? നിങ്ങൾ കർത്താവിനെ അനുസരിച്ചിട്ടുണ്ടോ? നിങ്ങൾ ക്രിസ്തുവിൻെറ സഭയിലെ അംഗമാണോ? നിങ്ങൾ ദിവസവും അവനായിട്ടാണോ ജീവിക്കുന്നതു? പലർക്കും കർത്താവിനെ അനുസരിക്കുക എന്നു പറഞ്ഞാൽ എന്താണ് എന്നു വ്യക്തമല്ല. ക്രിസ്തുവിനെ അനുസരിക്കുക എന്നു പറയുമ്പോൾ അവൻെറ ഉപദേശങ്ങളെ അതേപോലെ അനുസരിക്കുക എന്നതാണ്. ക്രിസ്തുവിൻെറ സഭയിലെ അംഗമാകണമെങ്കിൽ വചനപ്രകാരം ഒരാൾ രക്ഷിക്കപ്പെടണം എങ്കിലേ കർത്താവ് അവനെ തൻെറ സഭയിലേക്കു ചേർക്കയുള്ളു. നിങ്ങൾ ഇതു ചെയ്തിട്ടില്ലെങ്കിൽ ഇന്നു തന്നെ അതിന്നായി ഒരുങ്ങുക. അമാന്തിക്കരുതു. നിങ്ങളുടെ ഹൃദയം തുറന്നു പ്രവർത്തിച്ച് യഥാർത്ഥ ക്രിസ്ത്യാനിയായി ജീവിക്കുക. അതു വളരെ പ്രയാസമാണ് എന്നു കരുതരുതു. ദൈവം ഉദ്ദേശിക്കുന്ന വഴി അതു മാത്രമാണ്. കർത്താവ് വാഗ്ദാനം ചെയ്തതു നാം മറക്കരുതു. നാം നമ്മുടെ ജീവിതത്തിൽ കർത്താവിനെ വായ്കൊണ്ടു ഏററു പറഞ്ഞാലേ കർത്താവ് അന്ത്യനാളിൽ പിതാവിൻെറ മുമ്പിൽ നമ്മെയും ഏററുപറയുകയുള്ളു (മത്തായി 10:32, 33). ക്രിസ്ത്യാനിയാകുമ്പോൾ കിട്ടുന്ന പ്രത്യാശയേക്കാൾ വലിയ നേട്ടം മറെറാന്നിലും നിങ്ങൾക്കു കൈവരിക്കാൻ സാദ്ധ്യമല്ല.

★

# സംശയിക്കുന്ന തോമസും അവന്റെ വിശ്വാസവും

## റെവ. പി. ബ്രൌൺ

തോമസിനോടും അവന്റെ വിശ്വാസത്തോടും വളരെ പേർ വേണ്ടത്ര നീതി പുലർത്തിയിട്ടില്ല എന്ന് ആ വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ നമുക്കു ബോധ്യമാകും.

മററുള്ള അപ്പൊസ്തലൻമാരേക്കാൾ തോമസിനു തന്റെ പദവിയിൽ നിന്നുകൊണ്ടു ഈ സാമാന്യസംശയം ഉദിച്ചു എന്നതിനു ആദ്യമായി ചെറിയ കാരണം എടുത്തു കാണിക്കാനായിട്ടുണ്ട്: എന്റെ പേരിന്റെ മുൻപിലുള്ള T. P. എന്നാൽ എന്താണെന്ന് ഒരു പക്ഷെ നിങ്ങൾ സംശയിക്കുന്നുണ്ടാകും. അതുപോലെയുള്ള സംശയങ്ങൾ പല കാര്യത്തിലും നമുക്ക് ഉണ്ട്. യേശുക്രിസ്തു ഉയിർത്തെഴുന്നേററു എന്ന് മററുള്ള അപ്പൊസ്തലർ കേട്ടിട്ടു അവർ വിശ്വസിച്ചില്ല എന്നു, മർക്കൊസ് 16:11-14; ലൂക്കൊസ് 24:11-41 വരെയുള്ള വേദഭാഗങ്ങൾ വായിച്ചാൽ നമുക്കു ഗ്രഹിക്കാവുന്നതാണ്.

അൽഭുതകരവും ലൗകികവുമായ പല സംഭവങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ കേൾക്കുമ്പോൾ സംശയിച്ചു പോകുന്നതു സ്വാഭാവികമാണ്. തോമസിന്റെ സംശയത്തെ ആഴമായി പ്രതിപാദിക്കുവാനല്ല ഞാൻ ഈ ലേഖനത്തിൽ ഉദ്യമിക്കുന്നതു. എങ്കിലും അതിൽ ഉൾക്കൊണ്ടിരിക്കുന്ന വിശേഷതയെ കണ്ടെത്തുകയാണ് ചെയ്യുന്നതു. പരിഗണിക്കേണ്ട മതിയായ തെളിവുകൾ പ്രകടമായപ്പോൾ അവൻ വിശ്വസിക്കാൻ തയ്യാറായി. പലരും തങ്ങളുടെ ബുദ്ധിയിൽ വിശ്വാസിക്കാത്ത പലതും പ്രസംഗിക്കും. അതിനാൽ അവരുടെ ജീവിതത്തിൽ അവർ പരാജയപ്പെടും.

പക്ഷേ തോമസ്, താൻ ഉദ്ദേശിച്ച തെളിവുകൾ ലഭിച്ചപ്പോൾ അവൻ ഉരുണ്ടുകളിക്കാൻ ശ്രമിച്ചില്ല. അവന്റെ വിശ്വാസത്തെ അവൻ തുറന്നു സമ്മതിക്കയും ചെയ്തു.

വിശ്വാസത്തിന്റെ അടിസ്ഥാനം, സ്വഭാവം, ലക്ഷ്യം എന്നിവയിൻമേൽ ചില നിർദ്ദേശങ്ങൾ സംയോജിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നതു. കർത്താവിന്റെ സഭയിലുള്ള നമ്മിൽ ഭൂരിഭാഗം പേരും, വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു എന്ന ബൈബിൾ സത്യത്തെ ഊന്നി പറയാറുണ്ട് (റോമർ 10:17). കർത്താവു പറഞ്ഞു: നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു; കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാൻമാർ (യോഹന്നാൻ 20:29). കാഴ്ചയാലല്ല, വിശ്വാസത്താലത്രേ നാം നടക്കുന്നതു എന്നതു ഇതുമായി പരസ്പരവിരുദ്ധമല്ല.

ഒരു വസ്തുതയിൽ നമുക്കുണ്ടാകുന്ന "പ്രത്യേക വിശ്വാസവും" "പൊതുവായ വിശ്വാസവും" തമ്മിലുള്ള വ്യത്യാസത്തെ നാം വല്ലപ്പോഴും പ്രാധാന്യം കൊടുത്തു പറയുന്നവയാണ്. എന്നാൽ അതു ഒരു ബൈബിൾ സത്യവുമാണ്. ഉദാഹരണമായി യേശു ഈ ഭൂമിയിൽ ജീവിച്ച കാലഘട്ടത്തിലാണ് നാം ജീവിച്ചതു എന്നു വിചാരിക്കുക. അവൻ രോഗികളെ സൗഖ്യമാക്കുന്നതും അൽഭുതങ്ങളും അടയാളങ്ങളും ചെയ്യുന്നതും നാം കണ്ടിട്ടുണ്ട് എന്നും കരുതുക. ആരെങ്കിലും അന്നു നമ്മോടു നിങ്ങൾ യേശുക്രിസ്തു ദൈവപുത്രനാണെന്നു വിശ്വസിക്കുന്നുവോ എന്നു ചോദിച്ചാൽ അതിനു വിശ്വസിക്കുന്നു എന്നു ഉത്തരം പറയും. ഈ പ്രത്യേക സാഹചര്യത്തിൽ വചനം കേട്ടിട്ടല്ല മറിച്ച് ചിലതു കണ്ടിട്ടാണ് വിശ്വാസം വന്നിരിക്കുന്നതു. എന്നാൽ ഇപ്പോൾ ജീവിക്കുന്ന നമുക്കു അന്നത്തെ ദൃക്സാക്ഷികളുടെ തെളിവുകൾ വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിലൂടെയാണ് ഉണ്ടാകുന്നതു. ദൈവവചനത്തിൽ പറയുന്ന വസ്തുതകൾ നാം കണ്ടിട്ടില്ല, എങ്കിലും നാം

വിശ്വസിക്കേണ്ടതിനു ദൃഷ്ടാന്തമായി നമുക്കു വരച്ചു കാണിച്ചിരിക്കയാണ്. പൊതുവിൽ എല്ലാവർക്കും ഉണ്ടാകേണ്ട വിശ്വാസത്തിനായി ആ വിവരണങ്ങൾ തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടിരിക്കുന്നു. നാം യാതൊന്നിലും സംശയം വെച്ചു പുലർത്താതിരിക്കേണ്ടതിനാണ് അങ്ങനെ ചെയ്തതു. ഏതാനും പേർ എത്ര തെളിവുകൾ കൊടുത്താലും അതു അംഗീകരിക്കാത്ത ആളുകളുണ്ട്. അവരെ ഉദ്ദേശിച്ചല്ല. കാര്യകാരണസഹിതം ഗ്രഹിക്കാൻ താൽപര്യമുള്ളവർക്കു ഇതു പ്രയോജനപ്പെടും.

ദൈവത്തിൻെറ നിത്യശക്തിയും ദിവ്യത്വവുമായി അവൻെറ അദൃശ്യലക്ഷണങ്ങൾ ലോക സൃഷ്ടി മുതൽ അവൻെറ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു; അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിന്നു തന്നെ. അവർ ദൈവത്തെ അറിഞ്ഞിട്ടും ദൈവമെന്നു ഓർത്തു മഹത്വീകരിക്കയോ നന്ദികാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിതീർന്നു. അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി (റോമർ 1:20-21). അവിശ്വാസിക്കു യാതൊരു ഒഴിവു കഴിവുമില്ല. അവൻ ദൈവവചനം കേൾക്കാത്തതുകൊണ്ടല്ല. ദൈവം കാണിച്ചുകൊടുത്ത ദൃശ്യങ്ങൾ അവൻ വിശ്വസിച്ചില്ല. അവൻ കണ്ടതായ കാര്യങ്ങളിൽ ആത്മാർത്ഥത പുലർത്തിയില്ല. വാസ്തവത്തിൽ ദൈവത്തിലുള്ള വിശ്വാസം രണ്ടു രീതിയിലാണ് മനുഷ്യരിൽ വരുന്നതു. പ്രകൃതി ലക്ഷണങ്ങൾ കണ്ടുകൊണ്ടും ദൈവവചനം കേൾവികൊണ്ടും. ചില പ്രത്യേക പ്രസ്താവനകൾ ദൈവ വചനം വായിക്കുകയോ കേൾക്കുകയോ ചെയ്യുന്നതുകൊണ്ട് ഉണ്ടാകുന്നതാണ്. ഉദാഹരണമായി വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നതു പ്രകൃതിയിൽ നോക്കി വിശ്വസിക്കാവുന്നതല്ല. അതു ദൈവ വചനത്തിൽ നിന്നു മാത്രം ലഭിക്കുന്നതാണ്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം ശ്രദ്ധിക്കുക. യേശുക്രിസ്തുവിലോ മറ്റേതെങ്കിലും ഒരു വ്യക്തിയിലോ വിശ്വാസം ഒരാൾക്ക് ഉണ്ടെങ്കിൽ അതിൽ അയാളുടെ ഏതു പ്രസ്താവനയും വിശ്വസിക്കും എന്നർത്ഥം. അതിനു എതിരായതും വാസ്തവമാണ്. ഒരു വ്യക്തിയിൽ വിശ്വാസമില്ലെങ്കിൽ അയാൾ പറയുന്ന പ്രസ്താവനയും വിശ്വസിക്കയില്ല. അവിശ്വാസിയായ ഒരാളാണെങ്കിലും "കടയിൽ ഒരു കിലോ കോഴിക്കു ഇരുപതു രൂപയായി കുറഞ്ഞു എന്നു പറഞ്ഞാൽ നിങ്ങൾ വിശ്വസിച്ചേക്കാം. പക്ഷെ നിങ്ങൾ പോയിവാങ്ങണമെന്നില്ല. എന്നാൽ നിങ്ങൾക്കു വിശ്വസ്ഥനായ ഒരാളാണ് അതു പറയുന്നതെങ്കിൽ നിങ്ങൾ ഉടൻ തന്നെ പോയി വാങ്ങുവാൻ ശ്രമിക്കും. വിശ്വസിക്കുന്ന ഒരാളുടെ പ്രസ്താവനയും വിശ്വസിക്കാത്ത ഒരാളുടെ പ്രസ്താവനയും തമ്മിലുള്ള വ്യത്യാസം വ്യക്തമായല്ലൊ. ശക്തരായ സാക്ഷികളുടെ സാക്ഷ്യത്തെയാണ് തോമസ് നിരാകരിച്ച് തള്ളിക്കളഞ്ഞതു. ആ സാക്ഷ്യത്തെ പരിശോധിക്കാൻ പോലും തയ്യാറാകാത്ത ഒരു നിഷേധം ആയിരുന്നില്ല അതു. അവൻ യേശുവിനെ നേരിട്ടു കണ്ടപ്പോൾ അനന്തരഫലമായി യേശു പറഞ്ഞതെല്ലാം അവൻ വിശ്വസിച്ചു.

ഒരു വ്യക്തിയിലും അവന്റെ പ്രസ്താവനയിലും വിശ്വാസം ഉണ്ടാകുന്നതിനപ്പുറമായി നാം ചിലതു ചെയ്യേണ്ടതാണെന്ന് നിർദേശിക്കുക കൂടെ ഞാൻ ഈ ലേഖനത്തിൽ ഉദ്ദേശിക്കുന്നുണ്ട്. ക്രിസ്തുവിൽ നാം വിശ്വാസമർപ്പിക്കുമ്പോൾ അദ്ദേഹത്തിൽ നമ്മുടെ ജീവിതം മുഴുവൻ ആശ്രയിപ്പാൻ സമർപ്പിക്കണം. അവൻ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേററു എന്ന വിശ്വാസത്തോടൊപ്പം അവന്റെ ഉപദേശങ്ങൾ അനുസരിക്കേണ്ടതു അനിവാര്യമെന്നും പരിശോധിച്ച് മനസിലാക്കേണ്ടതുണ്ട്. അതുകൊണ്ട് താഴെ പറയുന്ന കാര്യങ്ങൾ തിരിച്ചറിയേണ്ടതാണ്, ഒരു വ്യക്തിയിൽ, വസ്തുതയിൽ വിശ്വസിക്കുക എന്നതും ആശ്രയിക്കുക എന്നതും രണ്ടും രണ്ടാണ്. അടുത്തതായി വിശ്വാസം

കാഴ്ചയാലും ദൈവവചനകേംവിയാലും വരുന്നു (യോഹന്നാൻ 20:31; റോമർ 10:17). വെറും തോന്നലുള വാകുന്ന പ്രതീതിയല്ല വിശ്വാസത്തിൽ ഉള്ളതു. സംശയ ദൂരീകരണം വരുത്തുന്ന ഒന്നാണ് വിശ്വാസം. പൊതുവാ യുളള വിശ്വാസവും പ്രത്യേകമായുള്ള വിശ്വാസവും ഉണ്ട്- എന്ന കാര്യവും നാം മറക്കരുതു.

കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ മലയോടു നീങ്ങി കടലിൽ പോകുവാൻ പറഞ്ഞാൽ അതു സംഭവി ക്കും എന്ന കർത്താവിന്റെ പ്രസ്താവന എത്ര അന്വർത്ഥ മാണ് ! കടുകുമണിയിൽ അൽപം പോലും സ്ഥലം ഒഴി വില്ലാതെ പൂർണ്ണമായി പരിപ്പ് നിറഞ്ഞു നിൽക്കുന്നു. നമ്മുടെ വിശ്വാസത്തിനു ഒട്ടും വിടവ് വരാൻ പാടില്ല. ഹൃദയത്തിൽ വിശ്വാസം നിറഞ്ഞിരിക്കണം. വിശ്വാസമി ല്ലാതെ നമ്മുടെ ഹൃദയത്തിൽ എന്തെങ്കിലും അവശേഷി ച്ചാൽ അതു പാപമായി പരിണമിക്കും. അപ്പോരം നമ്മുടെ പ്രാർത്ഥനക്കു ദൈവം ചെവി കൊടുക്കയില്ല. ശക്തമായ ക്രിസ്തീയ ജീവിതത്തിനു മറ്റൊന്നുകൊണ്ടും ചലി ക്കാത്ത വിശ്വാസം ആവശ്യമാണ്. മററുള്ളവരെ ബോധ്യ പ്പെടുത്തുവാൻ തക്ക ഉറപ്പു നമ്മിൽ ഉണ്ടാവുകയും വേണം.

തെളിവുകരം ഏതൊരു കാര്യത്തിലും പരിശോധിക്കു ന്നതു തെററല്ല. അതു ഉറപ്പു വരുത്തുവാൻ ഉതകുന്നതാണ്. തോമസ് തന്റെ മനസ്സിലുള്ള അഭിലാഷം വ്യക്തമാക്കുക യാണ് ചെയ്തതു. സംശയം വെച്ചുകൊണ്ടിരിക്കാതെ പൂർണ്ണമായി വിശ്വസിക്കുവാൻ കഴിവുള്ളവരായിരിക്കണം നാം. നിങ്ങരം എങ്ങനെയുള്ള വ്യക്തിയാണ്? സംശയാലു വാണോ ?. അതു നിവാരണം നടത്തുവാൻ തയ്യാറാണോ ? വചനം പരിശോധിച്ച് വിശ്വാസം പൂർണ്ണമാക്കുക.

★

# പ്രവാചകൻ

## J. ഫ്രാൻസിസ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

### ദാനിയേൽ

**ദാ**നിയേലിനെ കുടുക്കേണ്ടതിനു അദ്ധ്യക്ഷന്മാരുടെയും പ്രധാന ദേശാധിപതിമാരുടെയും പ്രേരണയാൽ രാജാവ് ഉണ്ടാക്കിയ നിയമം ആകുന്നു അത്. ദാനിയേൽ ഇതു അറിഞ്ഞു. അവൻ വീട്ടിൽ ചെന്നു അവന്റെ മാളികമുറിയുടെ കിളിവാതിൽ യെരൂശലേമിനു നേരെ തുറന്നു. അവൻ മുമ്പെ ചെയ്തുവന്നതുപോലെ ദിവസം മൂന്നു പ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു സ്തോത്രം ചെയ്തു. അപ്പോൾ രാജാവിനെക്കൊണ്ടു നിയമം ഉണ്ടാക്കിച്ച പുരുഷന്മാർ ബദ്ധപ്പെട്ടുവന്നു. അവൻ ദൈവത്തോടു പ്രാർത്ഥിക്കുന്നതു അവർ കണ്ടു രാജാവിനെ വിവരം അറിയിച്ചു. അവനെ ശിക്ഷിക്കുവാൻ അവർ ആവശ്യപ്പെട്ടു. എന്നാൽ രാജാവ് വളരെ വ്യസനത്തോടുകൂടി ദാനിയേലിനെ സിംഹങ്ങളുടെ ഗുഹയിൽ ഇട്ടുകൊടുക്കുവാൻ കല്പിച്ചു. നീ ഇടവിടാതെ സേവിച്ചു വരുന്ന നിന്റെ ദൈവം നിന്നെ രക്ഷിക്കും എന്നു പറഞ്ഞു അവനെ ആശ്വസിപ്പിച്ചു.

രാജാവ് അതികാലത്തു എഴുന്നേററ് ബദ്ധപ്പെട്ടു സിംഹഗുഹയുടെ അരികെ ചെന്നു ദുഃഖശബ്ദത്തോടെ ദാനിയേലിനെ വിളിച്ചു. ദാനിയേൽ വിളി കേട്ടു ഇപ്രകാരം പറഞ്ഞു. സിംഹങ്ങൾ എനിക്കു കേടു വരുത്താതിരിക്കേണ്ടതിനു എന്റെ ദൈവം തന്റെ ദൂതനെ അയച്ചു അവയുടെ വായ് അടച്ചു കളഞ്ഞു. അവന്റെ സന്നിധി

യിൽ ഞാൻ കുററമില്ലാത്തവൻ. തിരുമുമ്പിലും ഞാൻ ഒരു ദോഷവും ചെയ്തിട്ടില്ല. രാജാവ് അവനെ ഗുഹയിൽ നിന്നു കയററുവാൻ കൽപിച്ചു. മാത്രമല്ല അവനിൽ കുററം ചുമത്തുവാൻ ശ്രമിച്ചവരെ അവൻ സിംഹങ്ങളുടെ ഗുഹയിൽ എറിഞ്ഞുകൊടുത്തു. സിംഹങ്ങൾ അവരെ ഭക്ഷിച്ചു. തൻെറ രാജ്യത്തിൽ ഉൾപ്പെട്ട എല്ലാപേരും ദാനിയേലിൻെറ ദൈവമുമ്പാകെ ഭയ ഭക്തിയോടെ ഇരിക്കണമെന്നു തീർപ്പ് കൽപിച്ചു. അവൻ ജീവനുള്ള ദൈവവും എന്നേക്കും നിലനിൽക്കുന്നവനും. അവൻെറ രാജത്വം നശിച്ചുപോകാത്തതും അവൻെറ ആധിപത്യം അവസാനം വരാത്തതും ആകുന്നു. അവൻ രക്ഷിക്കുകയും വിടുവിക്കുകയും ചെയ്യുന്നു. അവൻ ആകാശത്തിലും ഭൂമിയിലും അടയാളങ്ങളും അൽഭുതങ്ങളും പ്രവർത്തിക്കുന്നു. അവൻ ദാനിയേലിനെ സിംഹവായിൽ നിന്നു രക്ഷിച്ചിരിക്കുന്നു.

അതിനാൽ അവൻ സത്യദൈവമാണെന്നു മററുള്ളവരെ അറിയിക്കുകയും ചെയ്തു. ദാര്യാവേശിൻെറയും പാർസി രാജാവായ കോരേശിൻെറയും വാഴ്ചയിൽ ശുഭപ്പെട്ടിരുന്നു (അദ്ധ്യായം 6).

അന്ത്യകാലത്തെ കുറിച്ചുള്ള ദർശനങ്ങൾ പലതും ദൈവം അവനു വെളിപ്പെടുത്തികൊടുത്തു. യെരുശലേമിൻെറ ശൂന്യാവസ്ഥ എഴുപതു സംവൽസരം കൊണ്ടു തീരുമെന്നും അവൻ ഗ്രഹിച്ചു. അപ്പോൾ യെരുശലേമിനു വേണ്ടി അവൻ ദൈവത്തോടു തിരിഞ്ഞു പ്രാർത്ഥിച്ചു കാലാവസാനം ആർക്കും അറിഞ്ഞുകൂടായെന്നു അവൻ ഗ്രഹിച്ചു. അതു ദൈവത്തിനു മാത്രമേ അറിയൂ

(അദ്ധ്യായം 8-12).

★

(ശേഷം അടുത്ത ലക്കത്തിൽ)

കവിത

# ധനവാനും ലാസറും

E. K. തേപ്പുപാറ

വിശന്നുകൊണ്ടാശു തളർന്നുമേവുന്നു,
കിടക്കുവാനും പഴുതില്ല മണ്ണിൽ.

മനക്കുരുന്നിൽ കനിവുള്ളോരാരും,
കണ്ടില്ല പിന്നങ്ങു കാണുന്നുമില്ലഹോ.
എത്ര നാളം മേശയ്ക്കരുകിൽ കിടന്നവൻ,
ഏങ്ങി തുടിച്ചുകൊണ്ടോതിതഴുകിയും.

ഒരു നേരമഷ്ടിക്കു പോക്കില്ല മന്നവൻ,
വാഴുന്നു ഭൂമിയിൽ സംഭ്രമത്തോടവൻ.
മായാമയക്കിനാൽ വാടിതളരുന്നു.
പിന്നെയും പിന്നെയും വീഴുന്നു ഭൂമിയിൽ.

കാൽകരം ചുററുന്നു ദേഹം തളരുന്നു,
എല്ലാം മുടിക്കുന്നു തിന്നു കൊഴുക്കുന്നു.
ലാസറിൻ ശബ്ദമേ, കേൾപ്പാൻ സുഖമില്ല,
കേൾക്കിലും കേൾക്കാത്ത മട്ടിൽ ധനവാനും.

അബ്രഹാമെന്ന പിതാവിൻ മടിയിലോ
സന്തോഷമോടവൻ കാണുന്നു നിത്യവും.
ധനവാൻ കിടന്നങ്ങു മോങ്ങുന്നു നിത്യവും,
ദണ്ഡനം കിട്ടുന്ന നിത്യയാതനയിൽ.

കള്ള പിശാചുക്കളും വെള്ളപ്പിശാചും,
പിന്നെ കറങ്ങുന്നു പാതാള ലോകത്തിൽ.
മേൽപോട്ടു നോക്കുകിൽ കാണാൻ കഴിയുമേ,
സ്വർഗ്ഗകവാടത്തിൽ നിൽക്കുന്നു ലാസറും.

എന്തിനു കേഴുന്നു ദാഹം ശമിക്കുവാൻ,
പററില്ലനന്നായറിയുക സോദര
സ്വർഗ്ഗവും നരകവും തമ്മിൽ പിരിക്കുന്ന
വിള്ളലതൊന്നുണ്ടു കണ്ടറിഞ്ഞീടുക.

★

സ്ത്രീകൾക്കുമാത്രം

# ലോകത്തെ രൂപപ്പെടുത്തലിൽ

## ബെററി B. C.

**ലോ**കത്തിൽ കാണുന്ന പ്രശ്നങ്ങളിലേക്കു എന്റെ ചെറുപ്പകാലത്തു ഒരെത്തിനോട്ടം നടത്തിയിരുന്നു. ഞാൻ സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ ലോകത്തിലേക്കു എന്തെല്ലാം കഷ്ടതകളും ദുരിതങ്ങളും വേദനയോടു കൂടിയ ഗർഭധാരണവും ഒക്കെയാണ് കൊണ്ടുവന്നതെന്ന് ഹവ്വയോടു ചോദിക്കണമെന്ന് വിചാരിച്ചിരുന്നു. കാരണം അവളുടെ അനുസരണക്കേടാണല്ലോ ഇതിനെല്ലാം വഴിയൊരുക്കിയതു. ഇതിനെല്ലാം അവളോടു പരാതിപ്പെടണമെന്നു ഞങ്ങൾക്കു തോന്നിയിരുന്നു. ആദ്യ പാപത്തിന്റെ അനന്തര ഫലം ആയിരുന്നല്ലോ, പ്രകൃതിയോടു മല്ലിടൽ, വേദനയോടുകൂടിയ ഗർഭധാരണം, പ്രായമാകുമ്പോഴുണ്ടാകുന്ന വേദന, നാശകരമായ മരണം എന്നിവ. ഒരു വ്യക്തി ചെയ്ത അപരാധ ഫലം നമ്മെ വേദനിപ്പിക്കുമ്പോൾ നമുക്കു ആ വ്യക്തിയോടു മുഷിപ്പുണ്ടാകും.

പക്ഷെ വാസ്തവത്തിലുള്ള എന്റെ ജിജ്ഞാസുവായ ചിന്ത ഹവ്വയിൽ ദയവോടുകൂടി ഉണരാൻ തുടങ്ങി. അവൾ ഒരു പക്ഷെ വളരെക്കാലം ജീവിച്ചുകാണും. ആദാമിന്റെ ആയുഷ്ക്കാലം ആകെ 930 വർഷമായിരുന്നു. അതിനുശേഷം അവൻ മരിച്ചു. ആ തെററായ തിരഞ്ഞെടുപ്പിന്റെ അനന്തര ഫലവുമായി അവൾ എത്ര എത്ര വർഷം പിന്നെയും ഈ ഭൂമിയിൽ ജീവിച്ചിരിക്കും? മനോഹരമായ ആ തോട്ടത്തിൽ നിന്നു ആദാമിനേയും ഹവ്വയെയും പുറത്താക്കി ദൂതനെ ജ്വലിക്കുന്ന വാളുമായി വഴിയിൽ കാവലും നിർത്തിയപ്പോൾ അവർക്കു അവരുടെ ഭവനം നഷ്ട

മായപ്പോഠം ഹവ്വക്കു എന്തു തോന്നിയിരിക്കും എന്നു ചിന്തിക്കുക. വയലിൽ ചുററും തിങ്ങിനിറഞ്ഞ കാടും വനവും മുളളും പറക്കാരയും വളർന്നു നില്ക്കുന്നു. ഇതെല്ലാം കണ്ടുകൊണ്ട് ഹവ്വ ഹൃദയത്തിൽ കരഞ്ഞു പ്രതിവചിച്ചു കാണും ''ഞാൻ ഭൂമിയോടു ഇങ്ങനെ ചെയ്തല്ലൊ''. ''ഇതെല്ലാം എൻെറ അവിവേകത്തിൻെറ പരിണിത ഫലമല്ലേ'' എന്നെല്ലാം അവളുടെ മനസിൽ കൂടെ ചിന്തയായി രൂപം കൊണ്ടുകാണും.

വന്യമൃഗങ്ങളേയും ജന്തുക്കളേയും ഭയന്നു അവർ ഓടിയപ്പോഠം, അവർ ക്രൂരവും അപകടകരവുമായ സാഹചര്യത്തിൽ ആയപ്പോഠം അവഠം തന്നെത്താൻ ഞാനാണല്ലൊ ഇതിനു ഉത്തരവാദി എന്നു പറഞ്ഞുകാണും. രാത്രികളിൽ ഭയപ്പാട് നിമിത്തം ഉറങ്ങാൻ പോലും കഴിഞ്ഞിരിക്കയില്ല.

പാപം നിമിത്തം, യാഗങ്ങഠം അനിവാര്യമായിതീർന്നു. നിരപരാധികളായ ആടുകളെ കൊല്ലുവാൻ ആദാമിൻെറ കയ്യിലെ കത്തി ഉയരുമ്പോഠം ആദാമിൻെറ മനസിൽ പിടയുന്ന വേദന അവഠം കാണുന്നു. ആ ആടിൻെറ കടും ചുവപ്പുളള, ചൂടുള്ള രക്തം കഴുത്തിൽ നിന്ന് ഒഴുകിയപ്പോഠം ഉണ്ടായ ചൂടിനേക്കാഠം ഹവ്വയുടെ കണ്ണിൽ നിന്നു വീണ കണ്ണീരിൻെറ ചൂടിനു ചൂടു കൂടിയിരുന്നിരിക്കണം; അവളുടെ തേങ്ങലും കരച്ചിലും എല്ലാം അവളിൽ തൻെറ തെററായ പ്രവൃത്തിയെ അവഠം വെളിപ്പെടുത്തി. ഞാൻ ഇതു ചെയ്തുപോയല്ലൊ എന്ന ആത്മഗതം പ്രപഞ്ചത്തിൽ മുഴങ്ങിയിരിക്കണം.

ആദാം ആദ്യം രോഗിയായി തീർന്നപ്പോഠം അവളുടെ ഹൃദയത്തിൽ ഭയം നിഴലിട്ടുകാണും. ആദാമിൻെറ വേദനയെ അവഠം എങ്ങനെ വീക്ഷിച്ചുകാണും? അവഠംക്കു അവനെ എങ്ങനെ ശുശ്രൂഷിപ്പാനും ആശ്വസിപ്പിപ്പാനും കഴിഞ്ഞി

രിക്കും ? അവളുടെ ഭർത്താവിനു സമീപം ഇരുന്നു ഓരോ ദിവസവും അവൾ എത്രമാത്രം ദൈവത്തോടു അപേക്ഷിച്ചുകാണും ? അവന്റെ വേദന ശമിക്കുവാനും ആരോഗ്യം പുന:സ്ഥാപിച്ചു കിട്ടുവാനും അവൾ ദൈവത്തോടു നിരന്തരമായി ആവശ്യപ്പെട്ടിരിക്കില്ലേ ? അവൾ അപ്പോൾ എന്തു മാത്രം വേദനയും ദുഃഖവും അനുഭവിച്ചുകാണും? എന്റെ പ്രാണ പ്രിയനു ഞാനാണല്ലൊ ഇതു വരുത്തിയതു എന്നോർത്തു അവളുടെ ഹൃദയം ഉരുകിയിരിക്കണം. അവളെ ആശ്വസിപ്പിപ്പാൻ ദൈവമല്ലാതെ മററാരുമില്ലല്ലൊ.

ആദാമിന്നും ഹവ്വയ്ക്കും മക്കൾ ജനിച്ചു. കയ്യീനും ഹാബേലും യുവാക്കളായിതീർന്നു. കയ്യീനു തന്റെ സ്വന്തം സഹോദരനോടു അസൂയ തോന്നിയപ്പോൾ ഹവ്വക്കു എന്തു വിഷമം തോന്നിയിരിക്കും ! ശത്രുതാ മനോഭാവത്തിലുള്ള അവന്റെ ഓരോ സംസാരവും അവളുടെ ഹൃദയത്തെ മുറിപ്പെടുത്തിക്കൊണ്ടിരുന്നു. ''ഞാൻ ഇതു ചെയ്തല്ലൊ'' എന്ന കുററാരോപണം അവളെ എപ്പോഴും മഥിച്ചിരുന്നു. സഹോദരനായ ഹാബേലിനെ വയലിലേക്കുകൊണ്ടുപോയി അവിടെ വെച്ച് അവനോടു കയർത്തു ദാരുണമായി കൊന്നു. ഹാബേലിന്റെ രക്തം യാതൊരു തെററും ചെയ്യാതെ ചിന്തപ്പെട്ടപ്പോൾ അവർക്കുണ്ടായ ദുഃഖത്തിന്റെ കൈപ്പ് ഊഹിക്കാവുന്നതേയുള്ളു. അവൾ അത്യുച്ചത്തിൽ ദൈവത്തോടു കരഞ്ഞിരിക്കും. ദൈവമേ ഈ പാപം ഞാനാണല്ലൊ ലോകത്തിലേക്കുകൊണ്ടുവന്നതു. ആദ്യമായി മരണം ആ മകനിൽ അവർ സ്നേഹിച്ച മകനിൽ വന്നപ്പോൾ ദൈവത്തെ ശ്രദ്ധിക്കാതെ സാത്താനെ ശ്രദ്ധിച്ചതുകൊണ്ടാണല്ലൊ ഞാൻ അതു ചെയ്തതു എന്നവൾ തിരിച്ചറിഞ്ഞു കാണും.

ഇല്ല, ഹവ്വയെ ഞാൻ കാണുമ്പോൾ അവളെ കുററപ്പെടുത്തുന്ന ഒരു വാക്കുപോലും ഉച്ചരിക്കയില്ല. അവൾ ചെയ്ത പാപത്തിന്റെ ഫലമായ നാശത്തെ അവൾ കാണു

മ്പോഴെല്ലാം അവരം സ്വയമായി അവളെ എത്രത്തോളം കുററപ്പെടുത്തിയിരിക്കും ! അത്രയും ദുഃഖം പോരെ ? ഇനി ഞാനായിട്ട് അവളെ വീണ്ടും വൃണപ്പെടുത്തേണ്ട ആവശ്യമില്ല.

എന്നാൽ ഹവ്വ അനുസരണക്കേടു പ്രവർത്തിച്ചില്ലായിരുന്നുവെങ്കിൽ മററാരെങ്കിലും അതു തിരഞ്ഞെടുക്കും. അങ്ങനെ പാപം ചെയ്യുവാനുള്ള വാതിൽ തുറന്നുകിട്ടുകയും ആളുകരം ലംഘനത്തിലേക്കു തിരിയുകയും ചെയ്യും. തുടർന്നു അതു പരന്നു ലോകം മുഴുവൻ വ്യാപിക്കും. അതിൻെറ തിക്തമായ ഫലവും പൊങ്ങിവരും. ചിലർ തെററായി പഠിപ്പിക്കുന്നതു, ആദ്യപാപത്തിൻെറ കുററം എല്ലാവരിലേക്കും എല്ലാ കാലത്തും വരുന്നു എന്നാണ്. പക്ഷെ അതു ശരിയല്ല. ഓരോരുത്തൻ വ്യക്തിപരമായി ചെയ്യുന്നതിൻെറ കുററമേ ഓരോരുത്തരിലും വരുന്നുള്ളു. ഹവ്വ അനുഭവിച്ചതുപോലെ വ്യക്തിപരമായി ചെയ്യുന്ന അകൃത്യങ്ങളുടെ നേരിട്ടും അന്തിമവുമായ ഫലങ്ങരം നാമും അനുഭവിക്കുകയാണ്.

തെററായ തീരുമാനങ്ങരം എടുക്കുന്നതിൻെറ ഫലമായിട്ടാണ് നാം പാപം ചെയ്യുന്നതു. നമ്മരം എത്രവർഷം ജീവിക്കുന്നുവോ അത്രയും വർഷം പാപത്തിൻെറ ഫലം അനുഭവിക്കും. അതിനുശേഷവും അതിൻെറ അവസാന ഫലം അനുഭവിക്കുന്നു. നാം സത്യസന്ധരാണെങ്കിൽ നമ്മുടെ ജീവിതത്തിൽ, നമ്മുടെ കുട്ടികളുടെ ജീവിതത്തിൽ എന്തുമാത്രം പ്രശ്നങ്ങരം ഉണ്ടായിട്ടുണ്ട് ! അപ്പോഴെല്ലാം നാം എത്രമാത്രം ദുഃഖാകുലരായിതീർന്നിട്ടുണ്ട് ! ''ദൈവവഴി ഞാൻ അന്വേഷിക്കാതിരുന്നതുകൊണ്ടാണ് ഞാൻ അങ്ങനെ ചെയ്തതു'' ''മറെറന്തിനേക്കാളും ദൈവത്തെ കൂടുതൽ സ്നേഹിപ്പാൻ ഞാൻ പഠിപ്പിക്കാതിരുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്''. ഈ പ്രശ്നം ഈ രീതിയിൽ വളർന്നതു തെററായ തെരഞ്ഞെടുപ്പ് ഞാൻ നടത്തിയതുകൊണ്ടാണ്.

നമുക്കു ഹവ്വയിലേക്കു നോക്കുമ്പോൾ, ഏദൻതോട്ടത്തിൽ അവർക്കു പാപം ചെയ്യാതിരിക്കാമായിരുന്നു; ലോകത്തിനു ഇത്രയും ഭയാനകമായ അവസ്ഥയും ദുരിതവും നല്കാതെ ഇരിക്കാമായിരുന്നു എന്നു നമുക്കു വ്യക്തമായി ചിന്തിക്കാം. പക്ഷെ നമ്മുടെ വ്യക്തിപരമായ ജീവിതത്തിലേക്കു ഉററുനോക്കി നമുക്ക് തെററുകൾ ചെയ്യാതെ ജീവിക്കാമായിരുന്നില്ലേ എന്നു ചിന്തിച്ചുനോക്കു. യാഥാർത്ഥ്യത്തിൻെറ നിറം അപ്പോൾ സുവ്യക്തമായി നമുക്കു കാണാം.

★

# സാത്താനെ അതിജീവിക്കൽ

## സീസിൽ: എം. ജെ

"ഇപ്പോൾ നമ്മുടെ ദൈവത്തിൻെറ രക്ഷയും ശക്തിയും രാജ്യവും അവൻെറ ക്രിസ്തുവിൻെറ ആധിപത്യവും തുടങ്ങിയിരിക്കുന്നു. നമ്മുടെ സഹോദരന്മാരെ രാപ്പകൽ ദൈവ സന്നിധിയിൽ കുററം ചുമത്തുന്ന അപവാദിയെ തള്ളിയിട്ടുകളഞ്ഞുവല്ലൊ. അവർ അവനെ കുഞ്ഞാടിൻെറ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു; മരണ പര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല. ആകയാൽ സ്വർഗ്ഗവും അതിൽ വസിക്കുന്നവരുമായുള്ളോരേ, ആനന്ദിപ്പിൻ; ഭൂമിക്കും സമുദ്രത്തിനും അയ്യോ കഷ്ടം; പിശാച് തനിക്കു അല്പകാല

മേയുള്ളു എന്നു അറിഞ്ഞു മഹാക്രോധത്തോടെ നിങ്ങളുടെ അടുക്കൽ ഇറങ്ങി വന്നിരിക്കുന്നു'' (വെളി. 12:10-12).

മൂന്നു കാര്യങ്ങളാൽ സാത്താനെ അതിജീവിച്ച് തള്ളിക്കളഞ്ഞു.

കുഞ്ഞാടിന്റെ രക്തം. സാത്താൻമേലുള്ള ജയം മുൻനിശ്ചയിച്ചുറപ്പിച്ചതായ ഒരു സംഭവമായിരുന്നു. ആയിരമാണ്ടു വാഴ്ച്ചക്കാർ പറയുന്നതുപോലെ അർമ്മഗദോന്റെ പ്രാകൃത യുദ്ധവും രക്തപ്പുഴയും ഒന്നുമല്ല ഇതു. ക്രിസ്തുവിന്റെ പ്രായശ്ചിത്തമരണത്തിൽ തന്റെ സ്വന്ത രക്തം ചിന്തിയതിലൂടെയാണ് സാത്താനെ ജയിച്ചതു. സാത്താനെ കീഴ്പ്പെടുത്തുവാൻ പാപരഹിതമായ മരണം സാദ്ധ്യമാക്കിയതു യേശുക്രിസ്തുവായിരുന്നു.

അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്തു മായിച്ചു ക്രൂശിൽ വെച്ചു നടുവിൽ നിന്നു നീക്കികളഞ്ഞു; വാഴ്ച്ചകളെയും അധികാരങ്ങളേയും ആയുധ വർഗ്ഗം വെപ്പിച്ചു ക്രൂശിൽ അവരുടെ മേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ച്ചയാക്കി (കൊലൊ. 2:14-15). തന്റെ മരണത്താൽ പിശാചിനെ നശിപ്പിക്കേണ്ടതിന്നത്രെ അവൻ ജഡവും രക്തവും സ്വീകരിച്ചതു (എബ്രായർ 2:14). സാത്താന്റെ ശക്തി പാപത്തിലും അതിലൂടെ മനുഷ്യരെ അടിമകളാക്കി മരിപ്പിക്കുന്നതിലും ആണ്. എന്നാൽ യേശുക്രിസ്തുവിൽ പാപമോചനമെന്ന വീണ്ടെടുപ്പ് അവന്റെ രക്തം മൂലം നമുക്ക് ഒരുക്കിതീർത്തു. അതു നമ്മെ പാപരഹിതവും സാത്താന്റെ കീഴിൽ നിന്നു സ്വതന്ത്രവുമായ ഒരു ജീവിതം നല്കുന്നു.

അവരുടെ സാക്ഷ്യവചനം. ''ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങൾ അല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവതന്നെ. അവയാൽ ഞങ്ങൾ

സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞു ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കി'' (2കൊരിന്ത്യർ 10:4). ജഡം ആത്മാവിനു വിരോധമാണ്; ജഡം പ്രാകൃതമാണ്. പഴയ നിയമത്തിൽ യെശയ്യാവ് പറയുന്നതു ഇതിനോടു യോജിക്കുന്നു. ''മിസ്രയീമ്യർ ദൈവമല്ല, മനുഷ്യരത്രെ, അവരുടെ കുതിരകൾ ആത്മാവല്ല, ജഡമത്രെ; യഹോവ തന്റെ കൈ നീട്ടുമ്പോൾ സഹായിക്കുന്നവൻ ഇടറുകയും സഹായിക്കപ്പെടുന്നവൻ വീഴുകയും അവരെല്ലാവരും ഒരുപോലെ നശിച്ചുപോകയും ചെയ്യും (യെശയ്യാവ് 31:8). ആത്മാവിന്റെ ആയുധങ്ങളോ വീര്യമുള്ളതു. ആത്മാവിന്റെ വാളായ ദൈവവചനമാണ് അതിശക്തിയായതു (എഫെസ്യർ 6:17 വിശ്വസിക്കുന്ന ഏവർക്കും രക്ഷക്കായുള്ള ദൈവശക്തിയാണ് സുവിശേഷം റോമർ 1:16).

ജീവനും ചൈതന്യവും ശക്തിയുമുള്ള ഇരു വായ്തലയുള്ള ഏതു വാളിനേക്കാളും മൂർച്ചയേറിയതാണ് ദൈവവചനം (എബ്രായർ 4:12). മൂന്നു തിരുവെഴുത്തു ഭാഗങ്ങളാലാണ് യേശുക്രിസ്തു സാത്താനെ തോല്പിച്ചതു. അടിമകൾ സ്വാതന്ത്ര്യത്തിലേക്കു തിരിയുന്നതു സത്യം അറിയുന്നതുകൊണ്ടാണ് (യോഹന്നാൻ 8:32). നമ്മുടെ ആത്മാക്കളെ രക്ഷിപ്പാൻ ഉൾനട്ടതായതു വചനമാണ് (യാക്കോബ് 1:21). സുവിശേഷമെന്ന ദൈവ വചനത്തിനു മുന്നിൽ നില്പാൻ പിശാചിനു ഇപ്പോഴും കഴിയുകയില്ല. കാരണം ഇന്നും ദൈവശക്തി അടങ്ങുന്ന ഒന്നാണ് തിരുവെഴുത്ത്.

അവർ മരണത്തിനായി തങ്ങളുടെ ജീവിതങ്ങളെ സ്നേഹിച്ചില്ല. സാത്താനെ അതിജീവിക്കാൻ പ്രാപ്തമായ മൂന്നാമത്തെ ഘടകം പ്രാരംഭ ക്രിസ്ത്യാനികളിൽ നാം

ദർശിക്കുന്നതു എങ്ങനെയെന്നുനോക്കാം. അവരുടെ വിശ്വാസം പ്രസംഗിക്കുമ്പോഴും ക്രിസ്തുവിനെ പിൻപററുമ്പോഴും ക്രിസ്തുവിനോടുള്ള അവരുടെ സമർപ്പണവും തങ്ങളുടെ പ്രാണനെ വിലമതിക്കാതെയുള്ള അർപ്പണബോധവും ശക്തമായ ഒരു ചെറുത്തുനില്പ്പും അവരിൽ ഉണ്ടായിരുന്നു. വെള്ളനിലയങ്കിധരിച്ച എണ്ണിക്കൂടാത്ത പുരുഷാരത്തെ യോഹന്നാനു പത്മൊസ്ദ്വീപിൽ വെച്ച് ദൈവം കാണിച്ചുകൊടുത്തു അവർ തങ്ങളുടെ അങ്കി കുഞ്ഞാടിന്റെ രക്തത്താൽ അലക്കി വെളിപ്പിച്ചവരാകുന്നു (വെളി. 7:14). വീണ്ടും യോഹന്നാൻ കുറെ ആത്മാക്കളെ അവിടെ കാണുന്നുണ്ട്. അവരെക്കുറിച്ച് പറയുന്നതു ശ്രദ്ധിക്കു. "ഞാൻ ന്യായാസനങ്ങളെ കണ്ടു; അവയിൽ ഇരിക്കുന്നവർക്കു ന്യായവിധിയുടെ അധികാരം കൊടുത്തു. യേശുവിന്റെ സാക്ഷ്യവും അവന്റെ വചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്ക്കരിക്കാതിരുന്നവരും നെററിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുടെ ആത്മാക്കളേയും ഞാൻ കണ്ടു (വെളിപ്പാട് 20:4).

ആദ്യം ദൈവത്തിന്റെ രാജ്യം അന്വേഷിക്കുക. ഉയരത്തിലുള്ളവ മാത്രം ചിന്തിക്കുക. ഭൂമിയുള്ളവയെക്കുറിച്ചുള്ള ചിന്തകൾ വിട്ടു കളയുക. സാത്താനെ അതിജീവിക്കുവാൻ മുൻഗണന നല്കേണ്ട കാര്യങ്ങൾ വിട്ടുകളയുന്നതാണ് ഇന്നത്തെ ക്രിസ്ത്യാനികളുടെ പരാജയ കാരണം. പാപം കഴുകിക്കളവാൻ പൂർണ്ണവും പര്യാപ്തവുമായ ഒന്നാണ് ക്രിസ്തുവിന്റെ രക്തം. ദുഷ്ടതയുടെ കരാളഹസ്തത്തെ തട്ടിത്തെറിപ്പിക്കാൻ കഴിവുററ ശക്തമായ ഒന്നാണ് ഇന്നും ദൈവ വചനം. നമുക്കു ആ അർപ്പണബോധമുണ്ടോ മരണത്തിനായി അവർ തങ്ങളുടെ ജീവനെ കൊടുത്തില്ല എന്നു നമ്മെക്കുറിച്ചു പറവാൻ നാം ആഗ്രഹിക്കുന്നോ ?

★

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജോൺ. ഇരിട്ടി

## 7. ലവൊദിക്യ സഭ (വെളി. 3:14-22.)

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

തന്നെത്താൻ ഉയർത്തിപ്പിടിച്ച് കാണിക്കാൻ ഒരുമ്പെടുന്നതു ഒരു വിഫലമായ ശ്രമം കൂടിയാണ്. ചിലർ സഭയിൽ ധനവാന്മാരായിരിക്കും. അതിനാൽ ദരിദ്രനെ നിസ്സാരൻ എന്നു കണക്കാക്കരുത്. വേറെ ചിലർ മററു ഭാഷകൾ സംസാരിക്കുന്നതിൽ നൈപുണ്യരായിരിക്കും. അതുകൊണ്ട് മാതൃഭാഷ മാത്രം സംസാരിക്കുന്നവനെ കഴിവില്ലാത്തവനായി മുദ്ര കുത്തരുത്. മററൊരു കൂട്ടർ നന്നായി പ്രസംഗിക്കുകയും പാടുകയും ചെയ്യുന്നവരായിരിക്കാം. അതിനാൽ മററുള്ളവരെ അവഗണിക്കരുത്. അങ്ങനെ ഏതു കാര്യത്തിലും സഭകളിൽ രണ്ടു രീതിയിലുള്ള മനോഭാവം ഭൂഷണമല്ല. കുറെ പേരെ തഴയുകയും മററു ചിലരെ പ്രശംസിക്കുകയും ചെയ്യുന്നത് ക്രിസ്തുവിനെ അവഹേളിക്കുന്നതിനു തുല്യമാണ്. "എന്നാൽ അവയവങ്ങൾ പലതെങ്കിലും ശരീരം ഒന്നു തന്നെ. കണ്ണിന്നു കയ്യോടു, നിന്നെക്കൊണ്ട് എനിക്കു ആവശ്യമില്ല എന്നും, തലെക്ക് കാലുകളോടു നിങ്ങളെക്കൊണ്ട് എനിക്ക് ആവശ്യമില്ല എന്നും പറഞ്ഞുകൂടാ. ശരീരത്തിൽ ബലം കുറഞ്ഞവ എന്നു തോന്നുന്ന അവയവങ്ങൾ തന്നേ ആവശ്യമുള്ളവയാകുന്നു" (1 കൊരി. 12:20-22). "പ്രശംസിക്കുന്നവൻ കർത്താവിൽ പ്രശംസിക്കട്ടെ. തന്നെത്താൻ പുകഴ്ത്തുന്നവനല്ല, കർത്താവ് പുകഴ്ത്തുന്നവനത്രേ കൊള്ളാകുന്നവൻ" (2 കൊരി. 10:17).

നമ്മുടെ ശരീരത്തിലെ അവയവങ്ങൾ പലതെങ്കിലും ശരീരം ഒന്നു തന്നെ ആണല്ലോ. ''കണ്ണിന്നു കയ്യോടു: നിന്നെക്കൊണ്ടു് എനിക്ക് ആവശ്യമില്ല എന്നും, തലെക്കു കാലുകളോടു: നിങ്ങളെക്കൊണ്ടു് എനിക്ക് ആവശ്യമില്ല എന്നും പറഞ്ഞുകൂടാ. ശരീരത്തിൽ ബലം കുറഞ്ഞവ എന്നു തോന്നുന്ന അവയവങ്ങൾ തന്നേ ആവശ്യമുള്ളവയാകുന്നു'' (1 കൊരി. 12:20-22). ആയതിനാൽ മനുഷ്യരുടെ പൊങ്ങച്ചവും ആത്മപ്രശംസയും അവന്റെ അൽപതത്തെ ആണ് ചൂണ്ടിക്കാണിക്കുന്നത്. ''ധനവാനോ പുല്ലിന്റെ പൂ പോലെ ഒഴിഞ്ഞുപോകുന്നവനാകയാൽ തന്റെ എളിമയിലും പ്രശംസിക്കട്ടെ'' (യാക്കോ. 1:10). കഷ്ടതകളുടേയും ശോധനകളുടേയും പ്രതികൂലങ്ങളുടേയും പടവുകൾ ഓരോന്നോരോന്നായി ചവിട്ടിക്കയറിയ വിശ്വാസജീവിതത്തെ ധന്യമാക്കിത്തീർത്ത വിശുദ്ധനും, ശ്രേഷ്ഠനുമായ പൌലോസിന്റെ പ്രശംസ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിലായിരുന്നു. ''എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇട വരരുത്'' (ഗലാ 6:14).

ലവൊദിക്യ സഭയിലെ പോലെ തന്നെ, ആധുനിക ലോകത്തിൽ ഇന്നു കാണപ്പെടുന്ന ക്രിസ്തീയ സമുദായങ്ങളും സഭകളും അധികവും സമ്പന്നവും ഒന്നിനും മുട്ടില്ലാത്തതുമാകുന്നു. എന്നാൽ അവ ഓരോന്നും ദൈവീകവിഷയമായി സമ്പന്നർ എന്നു പറയാൻ സാധിക്കുകയില്ല. നമ്മുടെ വീക്ഷണത്തിൽ സാമ്പത്തികമായി ദരിദ്രരായി കാണപ്പെടുന്ന ഓരോ സഭകളും ഒരുപക്ഷെ ആത്മികമായി സമ്പന്നരെന്ന് ആയികൂടെന്നും ഇല്ല. ''ദൈവസന്തതിയായവൻ ദൈവവചനം കേൾക്കുന്നു; നിങ്ങൾ ദൈവസന്തതിയല്ലായ്കകൊണ്ടു കേൾക്കുന്നില്ല'' (യോഹന്നാൻ. 8:47). ''പ്രാകൃത മനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല. അത് അവന്നു ഭോഷത്വം ആകുന്നു. ആത്മികമായി വിവേചിക്കേണ്ടതാകയാൽ അത് അവന്നു

ഗ്രഹിപ്പാൻ കഴിയുന്നതുമല്ല. ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. കർത്താവിൻെറ മനസ്സ് അറിഞ്ഞു അവനെ ഗ്രഹിപ്പിക്കാകുന്നവൻ ആർ ?'' (1 കൊരി. 2:14-16). അവരാണ് ആത്മീയമനുഷ്യർ.

ലവൊദിക്യ സഭയിൽ സമ്പന്നൻമാരായി സ്വയം അഭിമാനിക്കുന്നവർ പ്രാകൃത മനുഷ്യരുടെ പട്ടികയിലാണ് ഉൾപ്പെടുന്നത്. അവർക്ക് അധാർമ്മികമായ ധനസമ്പാദനമാർഗ്ഗങ്ങളുടെ പ്രവർത്തനപദ്ധതികളെക്കുറിച്ച് നല്ല ജ്ഞാനം ഉണ്ട്. അപ്പോസ്തലനായ പൌലൊസ് അവരെക്കുറിച്ചു പറയുന്നത് ''അനേകർ ക്രിസ്തുവിൻെറ ക്രൂശിന്നു ശത്രുക്കളായി നടക്കുന്നു-അവരുടെ അവസാനം നാശം; അവരുടെ ദൈവം വയറു; ലജ്ജയായതിൽ അവർക്ക് മാനം തോന്നുന്നു; അവർ ഭൂമിയിലുള്ളതു ചിന്തിക്കുന്നു'' (ഫിലി. 3:18, 19). ഇപ്രകാരമുള്ള ചില ആളുകളെ എൻെറ ഓർമ്മയിൽ തെളിഞ്ഞുവരുന്നു. ഇങ്ങനെ ഉള്ളവരെ നമ്മുടെ ചുററുപാടുകളിലും സമൂഹങ്ങളിലും സർവ്വസാധാരണയായി കണ്ടുവരുന്ന കഥാപാത്രങ്ങളാണ്. അവർക്ക് യോഗ്യമായിട്ടുള്ള കാര്യങ്ങളിൽ പുച്ഛവും, നാട്യഭാവവും ഏററവും നല്ല ഭക്ഷണസാധനങ്ങളിൽ തൃപ്തിയില്ലായ്മയും പ്രകടമാക്കും. പക്ഷെ അവരുടെ ഹൃദയം അതിനുവേണ്ടി പിടയുകയുമായിരിക്കും. എന്നാൽ നിങ്ങൾ ''ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേററിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിൻെറ വലത്തു ഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ'' (കൊലൊ. 3:12).

പൌലൊസ് ലവൊദിക്യ സഭയിലുള്ളവർക്കും കൂടെ എഴുതിയിരിക്കുന്നത് ''ക്രിസ്തു എന്ന ദൈവമർമ്മത്തിൻെറ പരിജ്ഞാനവും വിവേക പൂർണ്ണതയുടെ സമ്പത്തും പ്രാപിപ്പാന്തക്കവണ്ണവും അവർ സ്നേഹത്തിൽ ഏകീഭവി

ച്ചിട്ട് ഹൃദയങ്ങൾക്ക് ആശ്വാസം ലഭിക്കേണ്ടതിനും എത്ര വലിയ പോരാട്ടം കഴിക്കുന്നു'' (കൊലൊ. 2:12).

ഇന്നത്തെ ക്രിസ്തീയ സമൂഹങ്ങളിലെ ജനങ്ങളും അവരെ നയിക്കുന്നവരും അധിക പങ്കും ആത്മീയരെന്ന് ലേബൽ ഒട്ടിച്ചിരിക്കുന്ന പ്രാകൃതരും ജഡികരുമായ ആളുകളാണ്. പത്രൊസിന്റെ സിംഹാസനത്തെ ചൊല്ലി വാചാലമായി സംസാരിക്കുന്ന സമുദായ മേലദ്ധ്യക്ഷൻമാർക്ക് ''വെള്ളിയും പൊന്നും എനിക്കില്ല'' (അപ്പോ. 3:6). എന്നുള്ള പത്രൊസിന്റെ പ്രസ്താവന ആക്ഷേപാർഹമായി തോന്നുന്നുണ്ടായിരിക്കാം. ''എനിക്കുള്ളതു നിനക്കു തരുന്നു. നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നടക്ക'' കർത്താവിന്റെ ശിഷ്യൻമാർ ആത്മീയ അനുഗ്രഹങ്ങളുടെ ഭണ്ഡാരമായിരുന്നു. പാവപ്പെട്ട ശിഷ്യൻമാർ യേശുവിനെ പൂർണ്ണമായി അനുഗമിച്ചിരുന്നതിനാൽ അവർക്ക് ഭൗതികമായി ലഭിക്കാവുന്നതു സകലതും അതൊടോപ്പം അവർ ഉപേക്ഷിക്കപ്പെട്ടിരുന്നു. പത്രൊസ് തീർത്തും ദരിദ്രനായിരുന്നു. സമ്പന്നനെന്ന് അഭിമാനിക്കാൻ അവനു ഭൗതികമായി യാതൊന്നും ഇല്ലായിരുന്നു. എന്നാൽ യേശുക്രിസ്തുവിന്റെ നാമത്തിലുള്ള വിശ്വാസം അവന് സകലത്തെക്കാളും മതിയായതായിരുന്നു. പത്രൊസ് ആത്മീയസമ്പത്തിന്റെ ഒരു വലിയ കലവറയായിരുന്നു. ഇന്നു കാണുന്ന ക്രിസ്തീയ സമുദായങ്ങളും, സഭകളും ജനങ്ങളും, ഭൗതിക സമ്പത്തുകളെക്കുറിച്ചുള്ള കണക്കുകൂട്ടലുകളും, വ്യാമോഹങ്ങളുമാണ്. അവരിൽ ക്രിസ്തുവാകുന്ന ആത്മീയധനം ശൂന്യമാണ്.

അനന്യാസും സഫീരയും പരിശുദ്ധാത്മാവിനോട് വ്യാജം കാണിച്ചതിനാൽ, പത്രൊസിന്റെ സന്നിധിയിൽ വെച്ചു തന്നെ തൽക്ഷണം മരണശിക്ഷ അനുഭവിക്കേണ്ടി വന്നു.

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth. Post Box 3815, New Delhi-110049.

Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar. Post Box 3815, New Delhi-110049.

Sundays — 12 45 to 1.00 P.M.
Tuesdays — 9.00 tó 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth Post Box 80, Kakinada-533001.

Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2 30 to 2 45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth Post Box 8405, Bangalore 560084.

Tuesdays — 5.30 to 5.45 P.M.
Thursdays — 6 45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ Trivandrum - 695034 Kerala.

Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker: Robert Rathnakar—Box. 448, Bangalore—560004

Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Cible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

---

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378

To